(ജി) 1999 ഡിസംബറിൽ കണ്ണൂർ ജില്ലയിൽ അക്രമസംഭവങ്ങളുണ്ടായപ്പോൾ അവ പരിശോധിക്കുന്നതിനും ശാശ്വത പരിഹാരം കാണുന്നതിനും ഗവൺമെന്റ് മുൻകൈ എടുത്ത് എല്ലാ രാഷ്ട്രീയപാർട്ടി പ്രതിനിധികളെയും മറ്റ് പൊതുപ്രവർത്തകരെയും പങ്കെടുപ്പിച്ചുകൊണ്ട് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 6-12-99ന് സമാധാനയോഗം ചേരുകയും, കണ്ണൂരിൽ സമാധാനം ഉറപ്പാക്കാൻ എല്ലാ രാഷ്ട്രീയ പാർട്ടിക്കാരും സഹകരിക്കാം എന്ന് ഉറപ്പ് നൽകുകയും ചെയ്തു. ജില്ലാ സമാധാന കമ്മിറ്റി കൂടുതൽ കാര്യക്ഷമമാക്കാൻ കളക്ടർ യോഗം വിളിക്കുകയും, യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 11-12-99-ൽ തലശ്ശേരി ആർ.ഡി.ഒ ഓഫീസിൽ നിന്നും സംഘർഷമേഖലയിലേക്ക് ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ശാന്തിയാത്ര നടത്തുകയും ചെയ്തു. ജില്ലാതല സമാധാന സമിതി എല്ലാ മാസവും ചേർന്ന് യോഗതീരുമാനങ്ങൾ നടപ്പിൽ വരുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. 11-12-2000 -ന് ചേർന്ന യോഗത്തിൽ മുഖ്യമന്ത്രിയുടെ ചാർജ്ജ് വഹിച്ചിരുന്ന ബഹുമാനപ്പെട്ട സാംസ്കാരിക വകുപ്പു മന്ത്രി പങ്കെടുക്കുകയുണ്ടായി.

(എച്ച്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

27 (*26) പദ്ധതിച്ചെലവ്

ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000-2001 സാമ്പത്തികവർഷം എത്ര രൂപയുടെ പദ്ധതിയ്ക്കാണ് പ്ലാനിംഗ് കമ്മീഷൻ അംഗീകാരം നൽകിയിട്ടുള്ളത്;

(ബി) ഇതുവരെ എത്ര രൂപ ചെലവഴിച്ചു എന്നും അത് ഈ വർഷത്തിന്റെ ടാർജറ്റിന്റെ എത്ര ശതമാനമാണെന്നും വ്യക്തമാക്കാമോ;

(സി) ഈ വർഷം പദ്ധതി ചെലവ് വെട്ടിച്ചുരുക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ എന്നും അത് എത്രയെന്നും വ്യക്തമാക്കാമോ;

(ഡി) കഴിഞ്ഞ നാലു വർഷങ്ങളിൽ പദ്ധതിച്ചെലവിന് ലക്ഷ്യമിട്ടിരിക്കുന്ന തുക എത്ര വീതം എന്നും ഓരോ വർഷവും ചെലവഴിച്ച തുക എത്ര വീതം എന്നും വ്യക്തമാക്കാമോ?

(ഇ) കേരളത്തിലെ ആളോഹരി പദ്ധതിച്ചെലവ് കഴിഞ്ഞ 4 വർഷങ്ങളിലേക്ക് എത്ര വീതം എന്നും ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളിലെ ആളോഹരി പദ്ധതിച്ചെലവ് എത്രയെന്നും വ്യക്തമാക്കാമോ;

(എഫ്) ആളോഹരി പദ്ധതിച്ചെലവ് കുറയുകയും ശരാശരി കടബാദ്ധ്യത വർദ്ധിച്ചുവരികയും ചെയ്യുന്നത് തടയുന്നതിന് ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ജി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടി എന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ.നായനാർ) :

(എ) 2000-2001 സാമ്പത്തിക വർഷത്തേയ്ക്ക് സംസ്ഥാനത്തിന് 3317 കോടി രൂപയുടെ കോർ പദ്ധതിയാണ് പ്ലാനിംഗ് കമ്മീഷൻ അംഗീകാരം നൽകിയിട്ടുള്ളത്. എന്നാൽ വിഭവസമാഹരണം ഉറപ്പുവരുന്ന സാഹചര്യങ്ങ

LIBRARY ARCHIVES Kerala Legislative Assembly

ളിൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ 3535 കോടി രൂപയുടെ പദ്ധതി നടപ്പാക്കുന്നതിനും കമ്മിഷൻ അനുമതി നൽകിയിട്ടുണ്ട്.

(ബി) 30.11.2000 വരെയുള്ള കണക്കനുസരിച്ച് മൊത്തം വാർഷിക പദ്ധതി തുകയായ 3535 കോടി രൂപയിൽ 1452.26 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. ഇത് മൊത്തം പദ്ധതിയുടെ 41 ശതമാനം ആണ്. പ്ളാനിംഗ് കമ്മീഷൻ അംഗീകരിച്ച 3317 കോടി രൂപയുടെ 'കോർപ്ളാനിംഗിന്റെ' അടിസ്ഥാനത്തിൽ കണക്കാക്കിയാൽ 30.11.2000 വരെ പദ്ധതി തുകയുടെ 44 ശതമാനം ചെലവഴിച്ചിട്ടുണ്ട്.

(സി) തീരുമാനിച്ചിട്ടില്ല.

(ഡി) കഴിഞ്ഞ നാലു വർഷങ്ങളിൽ പദ്ധതി ചെലവിനു ലക്ഷ്യമിടുന്ന തുകയും ചെലവാക്കിയ തുകയും ചുവടെ ചേർത്തിരിക്കുന്നു.

വർഷം	*പദ്ധതി തുക*	*പദ്ധതി ചെലവ്*
	(രൂപ കോടിയിൽ)	
1996-97	2200	2180
1997-98	2855	2888
1998-99	3100	3165
1999-2000	3250 (3017)*	2946

**താത്കാലിക കണക്ക്* പുതുക്കിയ എസ്റ്റിമേറ്റ്.

(ഇ) കേരളത്തിലെയും രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളിലെയും കഴിഞ്ഞ നാലു വർഷങ്ങളിലെ ആളോഹരി പദ്ധതിച്ചെലവ് ചുവടെ ചേർത്തിരിക്കുന്നു.

വർഷം	*ആളോഹരി പദ്ധതിച്ചെലവ് (രൂപയിൽ)*	
	കേരളം	*എല്ലാസംസ്ഥാനങ്ങളും ചേർന്ന്*
1996-97	701	521
1997-98	910	620
1998-99	995	768
1999-2000	918	812

(താല്ക്കാലികം)

(എഫ്, ജി) 1996-97 മുതൽ 1998-99 വരെയുള്ള മൂന്നു വർഷങ്ങളിൽ ആളോഹരി പദ്ധതിച്ചെലവിൽ മുൻ വർഷങ്ങളിലേതിനെയപേക്ഷിച്ച് വർദ്ധനയുണ്ടായിട്ടുണ്ട്. 1999-2000 വർഷത്തെ പദ്ധതിച്ചെലവിനെ സംബന്ധിച്ച് അന്തിമ കണക്കുകൾ ലഭ്യമാക്കുമ്പോൾ ആ വർഷത്തെ ആളോഹരി പദ്ധതിച്ചെലവ് മുൻവർഷത്തേതിനേക്കാൾ കൂടുതലായിരിക്കുമെന്നാണ് കണക്കാക്കുന്നത്.

കടബാദ്ധ്യത വർദ്ധിച്ചുവരുന്ന പ്രവണത തടയുന്നതിനും വികസന പദ്ധതികളെ നടപ്പാക്കാനാവശ്യമായ ധനവിഭവങ്ങൾ. സമ്പദ്ഘടനയുടെ വ്യത്യസ്ത വികസന മേഖലകളുടെ പ്രവർത്തനം കാര്യക്ഷമമാക്കിക്കൊണ്ട് സമാഹരിക്കുന്നതിനുമുള്ള നടപടികൾക്ക് രൂപം നല്കി നടപ്പാക്കിവരുന്നു. പിഴനികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും നികുതിയേതര വരുമാനം വർദ്ധിപ്പിച്ചും പരമാവധി പദ്ധതിയേതരചെലവ് പരമാവധി കുറച്ചും കേന്ദ്ര

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ നിന്നും കൂടുതൽ സഹായം ആവശ്യപ്പെട്ടും സാമ്പത്തികഞെരുക്കം കുറയ്ക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്.

28 (*27) ഇറക്കുമതി നയം

ശ്രീമതി ആർ. ലതാദേവി :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. പി.രാജു :
ശ്രീ. കെ. പ്രകാശ് ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രിസദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ഗവൺമെന്റിന്റെ പുതിയ ഇറക്കുമതി സാമ്പത്തികനയങ്ങളുടെ ഭാഗമായി സംസ്ഥാനത്ത് ഏതെല്ലാം മേഖലകളിൽ പ്രതിസന്ധി ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പ്രതിസന്ധികൾ തരണം ചെയ്യുന്നതിന് ഓരോ മേഖലയിലും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) ഓരോ മേഖലയിലും ഇതുവരെ ഉണ്ടായിട്ടുള്ള നഷ്ടം എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ പ്രതിസന്ധി കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രതികരണം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) കേന്ദ്ര ഗവൺമെന്റിന്റെ പുതിയ ഇറക്കുമതി സാമ്പത്തിക നയങ്ങളുടെ ഭാഗമായി സംസ്ഥാനത്തിന്റെ സമസ്തമേഖലകളിലും പ്രതിസന്ധി ഉണ്ടായിരിക്കുകയാണ്. പ്രത്യേകിച്ച് കാർഷിക വ്യാവസായിക മേഖലകളിൽ.

(ബി) ഈ പ്രതിസന്ധികളെക്കുറിച്ച് പഠിക്കുവാനും, പോംവഴികൾ കണ്ടുപിടിക്കുവാനും വേണ്ടി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും വിവിധ വകുപ്പു മേധാവികൾ അംഗങ്ങളായും സംസ്ഥാനതലത്തിൽ, ഒരു ലോക വ്യാപാര സംഘടനാ ടാസ്ക് ഫോഴ്സ് കമ്മിറ്റിയ്ക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. അതുപോലെ തന്നെ പ്രധാന വകുപ്പുകളിൽ ലോക വ്യാപാര സംഘടനയുമായി ബന്ധപ്പെട്ടുണ്ടാവുന്ന സംഭവവികാസങ്ങൾ കേരളത്തിന്റെ സമ്പദ്ഘടനയെ ബാധിക്കുവാൻ സാധ്യതയുള്ള മേഖലകളായ കൃഷി, സേവനം, തുണി, വ്യവസായം നിക്ഷേപം, ഇലക്ട്രോണിക്സ് തുടങ്ങിയ മേഖലകളെക്കുറിച്ച് വിശദമായി പഠിക്കുന്നതിനായി സെക്ടറൽ കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റികൾ പ്രത്യേകം പ്രത്യേകം യോഗം കൂടി ഓരോ മേഖലകളെക്കുറിച്ചും പഠിച്ചു വരികയാണ്.

(സി) ഓരോ മേഖലകളിലും ഉണ്ടായിട്ടുള്ള നഷ്ടങ്ങളുടെ യഥാർത്ഥ വിവരം കൃത്യമായി കണക്കാക്കിയിട്ടില്ല.

(ഡി) ഉണ്ട്. പുതിയ ഇറക്കുമതിനയം മൂലം കയറും കയറുല്പന്നങ്ങളും ഇറക്കുമതി ചെയ്യാനുള്ള നടപടി നിർത്തലാക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ശ്രീലങ്കയുമായി ഒപ്പിട്ടിരിക്കുന്ന നികുതിരഹിത സ്വതന്ത്ര വ്യാപാരക്കരാർ പ്രകാരം ഇന്ത്യയിലേക്ക് നികുതിരഹിതമായി ഇറക്കുമതി അനുവദിക്കാത്ത ഉല്പന്നങ്ങളുടെ കൂട്ടത്തിൽ കേരളത്തിലെ കാർഷികോല്പന്നങ്ങൾ ഉൾപ്പെടുത്തണ

LIBRARY ARCHIVES Kerala Legislative Assembly